# മുങ്ങുന്ന ആഘോഷങ്ങൾ

രണ്ടു പേർ തമ്മിൽ പൊരിഞ്ഞ വാക്കേറ്റം. ഏത് നിമിഷവും അത് അടിയായി മാറാം. എന്തോ, ആരുടെയൊക്കെ ശ്രമഫലമായി സംഘർഷാവസ്ഥ നീങ്ങി. പിരിഞ്ഞു പോകുമ്പോൾ വഴക്കാളികളിൽ ഒരാൾ മറ്റേയാളോട് തിരക്കി: "ഒരു ബീഡി ഇങ്ങെ ട്ക്ക്." അയാൾ ബീഡിയും തീപ്പെട്ടിയും കൂട്ടുകാരന് നല്കി.

മനുഷ്യരുടെ ആഘോഷങ്ങളൊക്കെ ഏതോ വിധത്തിലുള്ള ദൈവികസങ്കല്പ ത്തിൽ അധിഷ്ഠിതമാണ്. ഹൈന്ദവമായാലും ക്രൈസ്തവമായാലും ഇസ്ലാമികമാ യാലും ശരി, ആഘോഷങ്ങളെയൊക്കെ ആ വിശുദ്ധിയോടെയാണ് നാം നോക്കി ക്കാണുന്നതും ആഘോഷിക്കുന്നതും.

ഏത് ആഘോഷമായാലും കാലം ചെല്ലുംതോറും അവയുടെ ആത്മീയത കുറ ഞ്ഞുവരികയാണ് ചെയ്യുന്നത്. ആചാരങ്ങൾക്കുമുണ്ട് ശോഷിപ്പ്. കുത്തഴിഞ്ഞ ജീവിത ത്തിന് വിശാലതയും സ്വാതന്ത്ര്യവും ആഘോഷനാളിലാണ് വർധിക്കുന്നത്. ഇതിൽ മദ്യത്തിനാണ് സ്വാധീനം കൂടുതൽ. ഏത് ജാതി ഉത്സവമായാലും കുടിക്കുവാനുള്ള തുറന്ന സന്ദർഭമായി ഉപയോഗപ്പെടുത്താനാണ് യുവാക്കൾ അതിനെ പരമാവധി ഉപയോഗിക്കുന്നത്. കള്ളിനാണ് അന്ന് പ്രിയവും വീര്യവും ഏറെ.

ക്രിസ്മസ്സിന് തൊട്ടു മുമ്പാണെന്നു തോന്നുന്നു, ഒരു പത്രവാർത്ത പ്രത്യേകം ശ്രദ്ധാർഹമായി. കേരളം മദ്യത്തിൽ മുങ്ങുന്നുവെന്നാണ് വാർത്തയുടെ ചുരുക്കം. ക്രിസ്മസ്സ്ദിനത്തിൽ മാത്രം 56 കോടി രൂപയുടെ കള്ള് കുടിച്ചുവെന്നാണ് ഔദ്യോ ഗിക കണക്ക്. പുതുവർഷാഘോഷ വേളയിൽ കുടിച്ച സംഖ്യ ഇതിലും കൂടും. ഇത് കള്ള് വില്ക്കുന്ന ഔദ്യോഗിക സംഘമായ "ബിവറേജസ് കോർപറേഷ"ൻെറ കണ ക്ക്. അനൗദ്യോഗികർ വിറ്റ കണക്ക് ഇതിനെക്കാൾ ഇരട്ടിയായിരിക്കും.

ദൈവത്തിൻെറ സ്വന്തം നാട് കള്ളിൽ മുങ്ങുന്നു!

ദൈവികസാന്നിധ്യമുണ്ടെന്നോ ദൈവത്തിനു വേണ്ടിയെന്നോ ഒക്കെ നാം കരുതു ന്ന ആഘോഷങ്ങളിൽ ദൈവത്തിനു ക്രോധകരമായ സംഗതികൾ ഉപയോഗിക്കു വാൻ നമുക്ക് എന്താണവകാശം? കള്ള് കുടിക്കാതെ നമുക്ക് ഉത്സവം ആഘോഷി ക്കാനാകില്ലേ? ഈ രീതി നമ്മിൽ എവിടെനിന്നാണ് കടന്നുവന്നത്? സഭ്യമായ എല്ലാ സീമകളെയും തകർക്കുന്നതാണ് പുതുവർഷാഘോഷം പല സ്ഥലങ്ങളിലും. ഈ ആഘോഷങ്ങളിലൊക്കെ നിറസാന്നിധ്യം ഉണ്ടാകേണ്ടിയിരുന്ന പ്രാർഥനകൾ വൃദ്ധ ന്മാരുടെ അധരങ്ങളിൽ മാത്രം പരിമിതമാണിന്ന്.

മതങ്ങളുടെ "അന്ധത"ക്കപ്പുറം എല്ലാം അനുഭവിക്കാനുള്ള ഭ്രമം പുതിയ ദൈവ ത്തെ തേടുകയാണ് ചെയ്യുന്നത്. ഈ തേട്ടത്തിൽ തട്ടിത്തകരുന്നത് സ്വൈരവും ധർമ വും ഔചിത്യങ്ങളും സഭ്യമായ പലതുമാണ്. അതിരുകളും പരിധികളും ഇല്ലാത്ത ഒരു ലോകമാണ് പുതുതലമുറ ആഗ്രഹിക്കുന്നത്. പടിഞ്ഞാറ് ചവിട്ടിപ്പുറത്താക്കിയ ഈ ഭ്രമത്തെ നെഞ്ചേറ്റാൻ നമുക്ക് ബുദ്ധിഭ്രംശം സംഭവിച്ചുവോ?

ഇല്ലാത്ത ഇമേജുകളുണ്ടാക്കി മിനിസ്ക്രീനിൽ പ്രത്യക്ഷപ്പെട്ട് ഗോസിപ്പ് കാണിക്കു ന്ന സൂപ്പർസ്റ്റാറുകളുടെ പണത്തിനുവേണ്ടിയുള്ള പരസ്യവാചകങ്ങളിലാണ് നാം ദൈവത്തെ ആട്ടിപ്പുറത്താക്കി അന്തിയുറങ്ങുന്നത്. "ഈ സിനിമ കണ്ടോ?" "ഒരു ചെറി യവൻ ആയാലെന്ത്?" "അടിച്ചുപൊളിക്കേണ്ടേ" തുടങ്ങിയ വാക്കുകൾ ഈ നാളുക ളിൽ പുനർജനിക്കുന്നത് പുതിയ മാനങ്ങളോടെയാണ്.

നമ്മെ നാം മറക്കാതിരിക്കുക. നമ്മെ നാമാക്കിയ നമ്മുടെ സംസ്കാരത്തെ നാം കൈവിടാതിരിക്കുക. നമ്മുടെ നിയന്ത്രണത്തിലുള്ള ഒന്നിനെയും നമ്മുടെ ഉന്നത സംസ്കാരത്തിൽനിന്നും വ്യതിചലിക്കാൻ നാം അനുവദിക്കാതിരിക്കുക.

ആഘോഷങ്ങൾ ഐശ്വര്യപൂർണമാകണം. അതിന് ചാനലുകളും സ്റ്റാറുകളും നിശ്ചയിക്കുന്ന രീതിയല്ല, ദൈവം ഇഷ്ടപ്പെടുന്ന രീതിയാണ് ആവശ്യം. അതാണ് സംസ്കാരപൂർണം.